File No.FWLD-A2/90/2018-FWLD

2229
1/2/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ശ്രീ.എ.വി.പൗലോസ്, ഫോറസ്റ്ററു (റിട്ട.) ടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് – OA-1241/2016 ലെ 07-08-2018 ലെ വിധിന്യായം നടപ്പിലാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.17/2019/വനം** തീയതി,തിരുവനന്തപുരം, 16/01/2019

പരാമർശം:- 1 കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 02.07.1988, 03.03.1989, 19.11.1996, എന്നീ തീയതികളിലെ എൽ 2-8217/87 നമ്പർ ഉത്തരവുകൾ.

2 ശ്രീ.എ.വി.പൗലോസ് 28.04.2015-ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം.

3 സർ ക്കാരിന്റെ 14.04.2016-ലെ 10228/എ2/2015/ഫോറസ്റ്റ് നമ്പർ കത്ത്.

4 ശ്രീ.എ.വി.പൗലോസ് ഫയൽ ചെയ്ത O.A.-1241/2016 മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07.08.2018-ലെ വിധിന്യായം.

<u>ഉത്തരവ്</u>

കോതമംഗലം ഡിവിഷനിൽ തൊട്ടുപുഴ റെയിഞ്ചിൽ OR 100/87ാാം നമ്പർ കേസിൽ ഉൾപ്പെട്ട ഈട്ടിതടികക്ഷണം നഷ്ടപ്പെട്ട വിഷയത്തിൽ, അന്ന് ഫോറസ്റ്റ് ഗാർഡ് ആയി ജോലി നോക്കിയിരുന്ന ശ്രീ.എ.വി.പൗലോസിനെ പരാമർശം (1)-ലെ 02.07.1988 ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ്

ചെയ്തിരുന്നു. പിന്നീട് ടിയാനെ 03.03.1989-ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയുണ്ടായി. പ്രസ്തുത സമയത്ത് 7 വർഷം മാത്രം സർവീസ് ഉണ്ടായിരുന്ന ശ്രീ.എ.വി.പൗലോസിന്റെ സസ്പെൻഷൻ കാലം, അവകാശ അവധിയായി കണക്കാക്കി പരാമർശം (1)-ലെ 19.11.1996-ലെ ഉത്തരവ് പ്രകാരം ക്രമീകരിക്കുകയുണ്ടായി.

2)സസ്പെൻഷൻ കാലയളവ് ക്രമീകരണത്തിൽ ശൂന്യ വേതന അവധിയായി കണക്കാക്കിയ 1 3 4 ദിവസങ്ങൾ ടിയാൻ പിൽക്കാലത്ത് ആർജ്ജിച്ച അർദ്ധ വേതന അവധിയിൽ തട്ടിക്കിഴിച്ച് ടിയാന് ഹയർഗ്രേഡ് ലഭിക്കുവാൻ തക്കവണ്ണം ആവശ്യമായ ഒരു സ്പെഷ്യൽ ഓർഡർ പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർ ശം (2) പ്രകാരം ശ്രീ.എ.വി.പൗലോസ് ദയാഹർജിസമർപ്പിക്കുകയുണ്ടായി. ടിയാൻ അഭ്യർത്ഥിച്ച പ്രകാരം സസ്പെൻഷൻ ക്രമീകരിക്കുന്നതിന് കേരള സർവ്വീസ് റൂൾസിൽ വ്യവസ്ഥകൾ നിലവിലില്ലാത്തതിനാൽ ടിയാന്റെ ദയാഹർജി പരാമർശം (3) പ്രകാരം സർക്കാർ നിരസിച്ചു. ഇതിനെതിരെ ശ്രീ.എ.വി.പൗലോസ്, ഫോറസ്റ്റർ (റിട്ട. ) ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA-1241/2016 ലെ പരാമർശം (4) പ്രകാരമുള്ള വിധിന്യായത്തിൽ പരാമർശം (3) പ്രകാരമുള്ള തീരുമാനം റദ്ദാക്കുകയും ശ്രീ എ.വി.പൗലോസ് പരാമർശം(2) പ്രകാരം സമർപ്പിച്ചിട്ടുള്ള നിവേദനം പുതുതായി പരിഗണിച്ച് ആയതിന്മേൽ തീരുമാനമെടുക്കുവാനും ഉത്തരവായിരുന്നു.

3)ശ്രീ .എ.വി.പൗലോസ് 28.04.2015ൽ സമർപ്പിച്ചിരുന്ന നിവേദനം സർക്കാർ വിശദമായി പരിശോധിച്ചു.കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 56 B (7) ന് താഴെയുള്ള പ്രൊവിസോ പ്രകാരം , ഒരാളുടെ സസ്പെൻഷൻ കാലം ,ടിയാൾ ആഗ്രഹിക്കുന്ന പക്ഷം അവധിയായി ക്രമീകരിക്കാവുന്നതാണ്. ഇവിടെ ശ്രീ.പൌലോസിന്റെ സസ്പെൻഷൻ കാലയളവ് അവകാശ അവധിയായി കണക്കാക്കുവാനാണ് ഉത്തരവായിരുന്നത്. ടിയാൾക്കെതിരായ അച്ചടക്ക നടപടി 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞ് കൊണ്ട് ഉത്തരവായിട്ടുള്ളതിനാലും സർക്കാരിന് ഉണ്ടായ നഷ്ടം (6190 രൂപ) ടിയാളിൽ നിന്നും വസൂലാക്കിയിട്ടുള്ളതിനാലും 02/07/1988 മുതൽ 01/03/1989 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിൽ ടിയാൻ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 02/03/1989 മുതൽ

തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള കാലയളവ് കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 56 B(9) നോട്ട്-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് പരാമർശം (4)-ലെ വിധിന്യായം നടപ്പിൽ വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എ.വി.പൗലോസ്, ഫോറസ്റ്റർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽപ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്

ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by BIJI K
Date: 2019.01.16
14:56:47 IST
Reason: Approved
സെക്ഷൻ ഓഫീസർ